**ഹദീസ്**

നൗഷാദ് ചേനപ്പാടി

# നബി തന്നെയാണ് മാതൃക

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ قَالَ: سَمِعْت رَسُولَ اللَّهِ صلى الله عليه و سلم يَقُولُ: مَا نَهَيْتُكُمْ عَنْهُ فَاجْتَنِبُوهُ، وَمَا أَمَرْتُكُمْ بِهِ فَأْتُوا مِنْهُ مَا اسْتَطَعْتُمْ، فَإِنَّمَا أَهْلَكَ الَّذِينَ مِنْ قَبْلِكُمْ كَثْرَةُ مَسَائِلِهِمْ وَاخْتِلَافُهُمْ عَلَى أَنْبِيَائِهِمْ (رَوَاهُ الْبُخَارِيُّ، وَمُسْلِمٌ)

**അബൂഹുറൈറ (റ) നിവേദനം ചെയ്യുന്നു. അല്ലാഹുവിന്റെ ദൂതൻ ഇപ്രകാരം പറഞ്ഞതായി ഞാൻ കേട്ടിട്ടുണ്ട്: 'ഞാൻ നിങ്ങളോട് നിരോധിച്ചിട്ടുള്ളതിൽനിന്ന് അകന്നുനിൽക്കുവിൻ. ഞാൻ നിങ്ങളോട് കൽപിച്ചിട്ടുള്ളത് സാധ്യമായത്രയും പ്രവർത്തിക്കുകയും ചെയ്യുവിൻ. തീർച്ചയായും നിങ്ങൾക്കു മുമ്പുള്ള സമുദായങ്ങളെ നശിപ്പിച്ചിട്ടുള്ളത് അവരുടെ ചോദ്യങ്ങളുടെ ബാഹുല്യവും നബിമാരോടുള്ള അവരുടെ വിയോജിപ്പുകളുമായിരുന്നു' (ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ചത്).**

ജനങ്ങൾ പിന്തുടരാൻ വേണ്ടിയാണ് നബി(സ)യെ അയച്ചതെന്ന് ഖുർആൻ ആവർത്തിച്ചു പറയുന്നുണ്ട്. ദീൻകാര്യങ്ങളിൽ ഒരു ഏറ്റക്കുറവുമില്ലാതെ, എന്താണോ നബി(സ) നമുക്കു നൽകിയത് അതേപടി നാം പിന്തുടർന്നാൽ മാത്രം മതി. കാരണം ഈ ദീനിനെ മറ്റൊന്നും ആരും കൂട്ടിച്ചേർക്കാത്തവിധം അല്ലാഹു പൂർത്തീകരിച്ചിരിക്കുന്നു. ഇന്നു കാണുന്ന മറ്റു മതങ്ങളെല്ലാം അതിന്റെ അനുയായികളും പുരോഹിതന്മാരും അവരവരുടെ മനോധർമമനുസരിച്ച് കൂട്ടിച്ചേർക്കലുകൾ നടത്തി വികലവും വികൃതവുമാക്കിയ ആചാരബദ്ധമായ മതങ്ങളാണ്. അതിൽ പ്രവാചകന്മാർ പഠിപ്പിച്ച ശരിയായ മതാധ്യാപനങ്ങളേതാണ്, അല്ലാത്തതേതാണ് എന്ന് തിരിച്ചറിയാൻ ഒരു മാർഗവുമില്ല. ആ മതങ്ങൾ ക്കടിസ്ഥാനമായ വേദഗ്രന്ഥങ്ങളിൽപോലും കൈകടത്തലുകൾ നടത്തിയിരിക്കുന്നു. എന്നാൽ അല്ലാഹു ഇറക്കിയ അന്ത്യവേദഗ്രന്ഥമായ ഖുർആനും അതിന്റെ പ്രായോഗിക വ്യാഖ്യാനമായ നബി(സ)യുടെ ചര്യകളും പൂർണമായും സംരക്ഷിക്കപ്പെട്ടിരിക്കുന്നു. പിൽക്കാലത്ത് ദീനെന്ന പേരിൽ 'പൗരോഹിത്യം' അതിനോടു കൂട്ടിച്ചേർത്തതും അതിൽനിന്ന് അടർത്തിമാറ്റിയതും ഈ രണ്ടു പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തമായി തിരിച്ചറിയാൻ നമുക്കു സാധിക്കും. മറ്റു മതങ്ങളുടെ ആചാര്യന്മാരെ അതിന്റെ അനുയായികൾ വഴിക്കുവഴി പിന്തുടരണമെന്ന് ആ മതങ്ങൾ അവരോടു കൽപിക്കുന്നില്ല. ഒരു മുസ്‌ലിമിനെ സംബന്ധിച്ചേടത്തോളം അവന് എല്ലാ ദിവസങ്ങളും നബിയുടെ ദിനമാണ്. രാവിലെ ഉറക്കമുണരുന്നതു മുതൽ തുടങ്ങുന്നു നബി(സ)യെ മാതൃകയാക്കിയുള്ള അവന്റെ ജീവിതം. നബി(സ)യെ വഴിക്കുവഴിയായി പിന്തുടർന്നുകൊണ്ടല്ലാതെ ജീവിതം ഇസ്‌ലാമികമാക്കുക സാധ്യവുമല്ല. ജീവിതത്തിന്റെ ഓരോ ചലനവും നബിയെ മാതൃകയാക്കാതെ ഒരു നിമിഷവും അവന് കടന്നുപോകുന്നില്ല. ഉറങ്ങാൻ പോകുന്നതുവരെയും ആ മാതൃകയെ അവൻ പിൻപറ്റുന്നു.

നിരോധിച്ച കാര്യങ്ങളിൽനിന്ന് പൂർണമായും അകന്നു നിൽക്കാനാണ് കൽപിച്ചിരിക്കുന്നത്. നിങ്ങൾക്കു സാധിക്കുന്ന അളവിൽ എന്ന് അവിടെ പറഞ്ഞിട്ടില്ല. എന്നാൽ പ്രവൃത്തിയിൽ കൊണ്ടുവരാൻ കൽപിച്ചപ്പോൾ നിങ്ങൾക്ക് സാധ്യമായ തോതിൽ മതിയെന്നും പറഞ്ഞിരിക്കുന്നു. സാധ്യമായത് എന്താണെന്നും ഏതാണെന്നും ചെയ്യുന്നയാളിനും അല്ലാഹുവിനും അറിയാം. എനിക്കിതു സാധ്യമല്ല എന്നു വെറുതെ ന്യായീകരണം കണ്ടെത്തി ചെയ്യേണ്ട കാര്യത്തിൽ നിന്നും ഒഴിഞ്ഞു മാറാനുള്ള ഒരടവായി അതിനെ കാണരുത്. ഇത് നമ്മോടുള്ള അല്ലാഹുവിന്റെ സവിശേഷമായ കാരുണ്യമാണ്. ഇന്നും ഈ ഉമ്മത്തിന്റെ ഏറ്റവും വലിയ ദുരന്തം നബി(സ) നമുക്കു നൽകിയ ഈ മുന്നറിയിപ്പിനെ അവഗണിച്ചതല്ലേ? ഇഹത്തിലും പരത്തിലും ഒരു പ്രയോജനവുമില്ലാത്ത നൂറുകണക്കിനു പ്രശ്നങ്ങളിൽ കെട്ടിമറിഞ്ഞു, അനാവശ്യ ചോദ്യങ്ങൾ ചോദിച്ച് നമ്മുടെ വിലപ്പെട്ട സമയവും ഊർജവും നാം പാഴാക്കുകയല്ലേ. അതിന്റെ ഫലമോ മറ്റു സമുദായങ്ങളുടെ മുമ്പിൽപോലും നിന്ദ്യമായിത്തീരുന്ന അനൈക്യവും തമ്മിൽതല്ലും. അല്ലാഹുവിന്റെ റസൂൽ(സ) നമ്മോടു കൽപിച്ച കാര്യങ്ങളിലുള്ള വിയോജിപ്പും ചെയ്യാൻ നമ്മോടു പറഞ്ഞ കാര്യങ്ങളിൽ അക്ഷന്തവ്യമായ അവഗണനയും നമ്മുടെ മുഖമുദ്രയായി മാറിയിരിക്കുന്നു.

ഈ കാപട്യവും വൈരുധ്യവും എന്ന് നാം അവസാനിപ്പിച്ച് ദൈവദൂതന്റെ കൽപനകളെ അനുസരിക്കുന്നുവോ, അദ്ദേഹം കർശനമായി നിരോധിച്ച ഹറാമുകളിൽനിന്ന് എന്ന് മുസ്‌ലിംകൾ അകന്നു നിൽക്കുന്നുവോ അന്നേ അവർക്ക് ഇസ്സത്തും രക്ഷയും ഉണ്ടാവു എന്ന് തിരിച്ചറിയുക തന്നെ വേണം. ●